"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി- (മുൻ ഉത്തരവാദിത്ത ടൂറിസം മിഷൻ ) ഡെസ്റ്റിനേഷൻ കോ-ഓർഡിനേറ്റർ തസ്തികയുടെ നിലവിലുള്ള യോഗ്യത പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.139/2026/TSM തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. സ.ഉ(കൈ) നം.12/2017/ടി.എസ്.എം. തീയതി 23.6.2017
2. സ.ഉ(സാധാ) നം.368/2017/ടി.എസ്.എം. തീയതി 28.7.2017
3. 20.09.2017-ലെ സ.ഉ(സാധാ) നം.437/2017/ടൂറിസം
4. 27.12.2018-ലെ സ.ഉ(സാധാ) നം.540/2018/ടൂറിസം
5. 15.01.2025 തീയതിയിൽ നടന്ന കെ ആർ ടി എം സൊസൈറ്റിയുടെ ഏഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം.
6. 27.10.2025 തീയതിയിൽ നടന്ന കെ ആർ ടി എം സൊസൈറ്റിയുടെ പന്ത്രണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.
7. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 6.11.25-ലെ കെ.ആർ.ടി.എം.എസ്/411/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ (മുൻ ഉത്തരവാദിത്ത ടൂറിസം മിഷൻ) ജില്ലാ ആർ ടി മിഷൻ കോ-കോർഡിനേറ്റർ എന്ന തസ്തികയിലേക്ക് യോഗ്യത, നിയമന രീതി എന്നിവ നിശ്ചയിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ ജില്ലാ ആർ ടി മിഷൻ കോ ഓർഡിനേറ്റർമാരുടെ തസ്തികയ്ക്കായി അനുവദിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ കെ ആർ ടി എം സൊസൈറ്റിയുടെ ഏഴാമത്

എക്സിക്യൂട്ടീവ് കമ്മിറ്റി, സി.ഇ.ഒ യെ ചുമതലപ്പെടുത്തുകയും അപ്രകാരം സി.ഇ.ഒ സമർപ്പിച്ച കോ-ഓർഡിനേറ്റർ തസ്തികയുടെ പുതുക്കിയ യോഗ്യത ആർ ടി എം സൊസൈറ്റിയുടെ പന്ത്രണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ആയത് പരാമർശം (7) പ്രകാരം സി.ഇ.ഒ സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ ആർ ടി എം സൊസൈറ്റിയിൽ (മുൻ ഉത്തരവാദിത്ത ടൂറിസം മിഷൻ ) ജില്ലാ ആർ ടി മിഷൻ കോ-ഓർഡിനേറ്റർ തസ്തികയുടെ പരാമർശം (2) പ്രകാരമുള്ള യോഗ്യത ചുവടെ ചേർക്കും പ്രകാരം പുനർനിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. മാനവിക വിഷയങ്ങളിലോ, ടൂറിസത്തിലോ, കമ്പ്യൂട്ടർ സയൻസിലോ 50% മാർക്കോടെ കേരളത്തിലെ അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള റെഗുലർ ബിരുദം.**

**2. റെസ്പോൺസിബിൾ ടൂറിസം, കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം, സസ്റ്റൈനബിൾ ടൂറിസം, വേസ്റ്റ് മാനേജ്മെന്റ്, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, ടൂറിസം മാർക്കറ്റിംഗ്, പട്ടിക ജാതി പട്ടിക വർഗ്ഗ മേഖലയിലെ വിവിധ പ്രോജക്ടുകളുടെ പ്രവർത്തനം എന്നീ മേഖലകളിൽ സർക്കാരിന്റെ ഏതെങ്കിലും സ്ഥാപനങ്ങളിലോ സർക്കാർ ചുമതലപ്പെടുത്തിയ അംഗീകൃത ഏജൻസികളിലോ കുറഞ്ഞത് 365 ദിവസത്തെ നിർബന്ധിത പ്രവൃത്തി പരിചയം .**

പരാമർശ ഉത്തരവ് (2) മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 05-03-2026 11:27:57

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

2. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.